പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5799. 29.07.2015 ൽ മറുപടിയ്ക്ക്.

## ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസ്

| ചോദ്യം<br>ശ്രീമതി അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്തുവാൻ അനുവദിച്ചതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം ഉണ്ടാകുമോ ; എങ്കിൽ പ്രതിദിന ശരാശരി നഷ്ടത്തിന്റെ കണക്ക് വ്യക്തമാക്കുമോ ; | (എ) | നിലവിൽ ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ദീർഘദൂര ബസ് സർവ്വീസുകൾ നടത്താനുള്ള നിയമപരമായ അർഹത നിക്ഷിപ്തമായിട്ടുള്ളത് ആരിലാണ് ; | (ബി) | ഇപ്പോൾ പ്രാബല്യത്തിലുള്ള സ്കീം പ്രകാരം കെ.എസ്.ആർ.ടി.സി. യിലാണ്. |
| (സി) | സ്വകാര്യ ഓപ്പറേറ്റർമാരിൽ നിന്നും കെ.എസ്.ആർ.ടി.സി ഏറ്റെടുത്ത റൂട്ടുകൾ ഭൂരിഭാഗവും ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നത് ; | (സി) | കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തതും, കെ.എസ്.ആർ.ടി.സി. മാത്രമായി ഓടുന്നതുമായ റൂട്ടുകൾ ലാഭകരമായാണ് പ്രവർത്തിക്കുന്നത്. |
| (ഡി) | ഇത്തരം റൂട്ടുകളിൽ സ്വകാര്യ ബസ് സർവ്വീസുകൾ വീണ്ടും ആരംഭിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന ശരാശരി നഷ്ടം എത്രയായിരിക്കും ? | (ഡി) | കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.